**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2842** **13-02-2024 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കിൽ നിന്ന് ലോൺ എടുത്ത ആൾ മരണപ്പെട്ടാൽ അവർക്ക് നഷ്ടപരിഹാരമായി നൽകുന്ന റിസ്ക് ഫണ്ട് അനുവദിക്കുന്നത് ആരാണെന്നും പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നത് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ്.<br><br>റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ ചികിത്സ ധനസഹായ അപേക്ഷയും ബന്ധപ്പെട്ട രേഖകളും സംഘം / ഭരണസമിതിയുടേയും നിർദ്ദിഷ്ട ഉദ്യോഗസ്ഥതലത്തിലേയും ശുപാർശകൾ സഹിതം കേരള സഹകരണ വികസനക്ഷേമനിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ച ശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലി പ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ചു വരുന്നു.<br><br>നടപടിക്രമങ്ങൾ<br><br>1. ഒരു വായ്പാക്കാരൻ മരണമടഞ്ഞാൽ അനന്തരാവകാശി ബന്ധപ്പെട്ട സഹകരണ സംഘത്തിന് അപേക്ഷ നല്കണം. അപേക്ഷയോടൊപ്പം വായ്പാക്കാരന്റെ മരണ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട അധികാരിയിൽ നിന്നും വാങ്ങി ഹാജരാക്കണം.<br><br>2. റിസ്ക് ഫണ്ട് ധനസഹായത്തിനുള്ള അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ, ഒരു മാസത്തിനകം സംഘം ഭരണസമിതി പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളവയാണെങ്കിൽ ശുപാർശ ചെയ്തുകൊണ്ടുള്ള തീരുമാനമെടുത്ത് പദ്ധതിയിൽ നിഷ്കർഷിച്ചിട്ടുള്ള രേഖകളോടൊപ്പം കമ്മിറ്റി തീരുമാന പകർപ്പും അനുബന്ധരേഖകളും അപേക്ഷ സഹിതം ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന്റെ ശുപാർശയ്ക്കായി നല്കി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) വ്യക്തമായ ശുപാർശ സഹിതം 15 |

| | | | |
|---|---|---|---|
| | | | ദിവസത്തിനകം ബോർഡ് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ ജോയിന്റ് രജിസ്ട്രാർ/ കൺകറണ്ട് ആഡിറ്ററുടെ ശുപാർശയും, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസറുടെ ശുപാർശയും ഉള്ളടക്കം ചെയ്യേണ്ടതാണ്.<br><br>3. ബോർഡിലെ അസിസ്റ്റന്റ് രജിസ്ട്രാർ/ മാനേജരുടെയും, ജോയിന്റ് രജിസ്ട്രാർ/ സെക്രട്ടറിയുടെയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള അപേക്ഷകളിൽ ബോർഡ് സെക്രട്ടറി ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത തുക ബന്ധപ്പെട്ട സംഘത്തിന് നൽകുകയും അതോടൊപ്പം തന്നെ ബന്ധപ്പെട്ട അനന്തരാവകാശിയെ അറിയിക്കുന്നതുമാണ്. അപ്രകാരം സംഘത്തിന് ലഭിക്കുന്ന തുക ബന്ധപ്പെട്ട വായ്പാകണക്കിലേക്ക് അടവാക്കി ബാങ്ക്/സംഘം വിനിയോഗ സർട്ടിഫിക്കറ്റ് തൊട്ടടുത്ത മാസം 15-ാം തീയതിക്കുള്ളിൽ ബോർഡിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത ഫണ്ട് അനുവദിക്കുന്നതിൽ പലപ്പോഴും കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ബി) | റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ കഴിയുന്നത്ര വേഗത്തിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br><br>റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നതിന് വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും ബോർഡിലേക്ക് ലഭ്യമായിട്ടുള്ള അപേക്ഷകളിൽ താരതമ്യേന കൂടുതൽ അപേക്ഷകൾ ലഭിച്ചിട്ടുള്ള ചില ജില്ലകളിലെ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനായി കുടിശ്ശികയുണ്ട്.<br><br>മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും മരണാന്തരസഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/ സംഘമാണ് ബോർഡിലേക്ക് സമർപ്പിക്കേണ്ടത്. അപേക്ഷകളുടെ വർദ്ധനവ് കാരണവും സംഘം/ ബാങ്കുകളിൽ നിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ഉണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും, ആയത് പരിഹരിച്ചു വരുന്ന മുറയ്ക്ക് |

| | | | |
|---|---|---|---|
| | | | നടപടികൾ പൂർത്തീകരിച്ച് ആനുകൂല്യങ്ങൾ അനുവദിക്കുകയുമാണ് നിലവിൽ ചെയ്തു വരുന്നത്.<br><br>കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി ബോർഡിന്റെ അവലോകനയോഗങ്ങൾ നടത്തുകയും ഡെയ് ലി പ്രോഗ്രസ്സ് റിപ്പോർട്ട് പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.<br><br>അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) / ജോയിന്റ് ഡയറക്ടർ/കൺകറണ്ട് ആഡിറ്റർ / അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർ പരിശോധിച്ച് പരമാവധി ന്യൂനതകൾ ഒഴിവാക്കി ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി ടി ആഫീസുകളിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>കൂടാതെ കുടിശ്ശിക ഫയലുകൾ മാർച്ച് 2024 നകം തീർപ്പാക്കുന്നതിനുള്ള കർമ്മപരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. ഓൺലൈനായി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള സോഫ്റ്റ് വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ